**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 262** **08-08-2023 - ൽ മറുപടിയ്ക്ക്**

**എം.ബി.ബി.എസ്. സീറ്റുകളും പി. ജി. സീറ്റുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മെഡിക്കൽ കോളേജിൽ 150 എം.ബി.ബി.എസ്. സീറ്റുകളും പി.ജി. സീറ്റുകളും നഷ്ടപ്പെടാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ; ആലപ്പുഴ മെഡിക്കൽ കോളേജിൽ ദേശീയ മെഡിക്കൽ കമ്മീഷൻ നടത്തിയ പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | **മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പൊതുസ്ഥലംമാറ്റം നടന്ന സമയത്താണ് എൻ.എം.സി പരിശോധന നടത്തിയത്. ആലപ്പുഴ മെഡിക്കൽ കോളേജിൽ റേഡിയോ ഡയഗ്നോസിസ്, റേഡിയോ തെറാപ്പി, റെസ്പിറേറ്ററി മെഡിസിൻ, കമ്മ്യൂണിറ്റി മെഡിസിൻ എന്നീ വിഭാഗങ്ങളിലെ ഓരോ അധ്യാപകരുടെ കുറവും AEBAS പഞ്ചിംഗ് സിസ്റ്റം ഏർപ്പെടുത്താത്തതും ചൂണ്ടിക്കാട്ടിയാണ് എൻ.എം.സി ഡിസ് അപ്രൂവൽ കത്ത് നൽകിയത്. തുടർന്ന് ഒഴിവുള്ള അധ്യാപക തസ്തികകൾ നികത്തുകയും പഞ്ചിംഗ് സിസ്റ്റം ഏർപ്പെടുത്തുകയും ചെയ്ത് എൻ.എം.സി - ക്ക് അപ്പീൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കോളേജിന്റെ അംഗീകാരം നിലനിർത്തിയിട്ടുണ്ട്. പ്രസ്തുത മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് ആൾ ഇന്ത്യ ക്വോട്ടയിൽ 2 വിദ്യാർത്ഥികൾക്കും സ്റ്റേറ്റ് ക്വോട്ടയിൽ 138 വിദ്യാർത്ഥികൾക്കും പ്രവേശനം ആദ്യ അലോട്ട്മെന്റിൽ നൽകിയിട്ടുണ്ട്. ബാക്കി സീറ്റുകളിലേക്കുള്ള പ്രവേശന നടപടികൾ നടന്നു വരുന്നു. എൻ.എം.സി റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | ദേശീയ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി അടിസ്ഥാന സൗകര്യവും ഡോക്ടർമാരുടെ സേവനവും ഉറപ്പാക്കുന്നതിൽ സംസ്ഥാന സർക്കാരിന് വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; ഈ കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ആകെ ഏതാനും അധ്യാപകരുടെ കുറവും പുതിയതായി **എൻ.എം.സി നിഷ്കർഷിച്ച പഞ്ചിംഗ് ഇൻസ്പെക്ഷൻ സമയത്ത് പൂർണ്ണ തോതിൽ ആകാത്തതുമാണ് അംഗീകാരം നിലനിർത്തുന്നതിന് തടസമായി എൻ.എം.സി ചൂണ്ടിക്കാട്ടിയിരുന്നത്. ഈ ഒഴിവുകൾ നികത്തുകയും പഞ്ചിംഗ് സിസ്റ്റം ഏർപ്പെടുത്തുകയും ചെയ്ത് അംഗീകാരം ലഭിക്കാനുള്ള എല്ലാ മാനദണ്ഡങ്ങളും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ വീഴ്ച വന്നതായി കാണുന്നില്ല.** |
| (സി) | സാധാരണക്കാരായ കുട്ടികൾക്ക് കുറഞ്ഞ ഫീസിൽ | (സി) | കഴിഞ്ഞ വർഷം കോന്നി, ഇടുക്കി മെഡിക്കൽ |

| | | | |
|---|---|---|---|
| | പഠിക്കുവാൻ സാധിക്കുന്ന എം.ബി.ബി.എസ്. സീറ്റുകളും പി.ജി. സീറ്റുകളും നഷ്ടപ്പെട്ട സാഹചര്യത്തിൽ, എന്ത് ബദൽ മാർഗമാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വിശദാംശം സഹിതം വ്യക്തമാക്കാമോ? | | കോളേജുകൾ യാഥാർത്ഥ്യമാക്കിയതുവഴി 200 **എം.ബി.ബി.എസ് വിദ്യാർത്ഥികൾക്ക് പഠിക്കാൻ കൂടുതലായി അവസരമൊരുക്കിയിട്ടുണ്ട്. നിലവിൽ എം.ബി.ബി.എസ് സീറ്റുകൾ നഷ്ടപ്പെട്ടിട്ടില്ല. എൻ.എം.സി ചൂണ്ടിക്കാണിക്കുന്ന ന്യൂനതകൾ പരിഹരിക്കുകയും, പുതിയതായി എൻ.എം.സി കൊണ്ടുവരുന്ന നിബന്ധനകൾ അനുസരിച്ച് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കി കോളേജുകളുടെ അംഗീകാരം നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ

E 65631/
20/5/23

ഭരണവിഭാഗം

दूरभाष/Phone : 25367033, 25367035, 25367036
फैक्स/Fax : 0091-11-25367024
ई-मेल/E mail : ug@nmc.org.in

पॉकेट -14, सेक्टर-8, द्वारका, फेस-1, नई दिल्ली-77
Pocket- 14, Sector- 8, Dwarka,
Phase – 1, New Delhi-77

राष्ट्रीय आयुर्विज्ञान आयोग
स्नातक चिकित्सा शिक्षा बोर्ड

**National Medical Commission**
**Under Graduate Medical Education Board**

U-12022/103/2023/UGMEB

Date: 24th May, 2023

To,

The Dean/Principal,
T.D. Medical College,
Vandanam,
Alappuzzha 688001 (Kerala)
Email :tdmcalappuzha@gmail.com

Subject: Continuation of Recognition of MBBS(150 seats) degree granted by Kerala University of Health Sciences, Kerala in respect of the students being trained at T.D. Medical College, Alappuzha, Kerala.

Sir,

I am directed to refer to your application for grant of Continuation of Recognition of MBBS degree (150 seats) awarded by Kerala University of Health Sciences, Kerala in respect of the students being trained at T.D. Medical College, Alappuzha, Kerala and to say that your college was assessed by the Assessors appointed by MARB to conduct virtual assessment during the final MBBS practical Examination on 16th-21st May, 2022 and physical verification of the facilities on 8th February, 2023. Both the assessment reports were considered in the Undergraduate Medical Education Board, an autonomous Board of the Commission.

2. While evaluating the assessment reports alongwith the AEBAS and HMIS following have been observed:

**A. Remarks of Assessor on physical verification of the facilities, hospital OPD, bed occupancy, etc.**

i. Shortage of Teaching faculty : 11.6%
ii. Shortage of Resident : 7.6%

**B. Deficiency in Faculty and Residents observed on AEBAS record data:**

The faculty and Senior resident doctors registered under AEBAS record have not marked their attendance as observed for 51 consecutive working days. There is deficiency of some faculty, staff and S.R.s as observed on their registered list.

**C. Other deficiencies :**

HMIS showed that cameras are not installed in the college and hospital. College did not have a router.

Contd...2/-

3. In view of the above deficiencies, it has been decided in Undergraduate Medical Education Board that Continuation of Recognition may be granted to the MBBS degree awarded by Kerala University of Health Sciences, Kerala in respect of the students being trained at T.D. Medical College, Alappuzha, Kerala only after rectifying the deficiencies mentioned above. **If the college is admitting 175 students, it needs to fulfill the requirement for 200 MBBS students.**

4. You are requested to kindly submit your response **within a period of 7 days** from the receipt of this letter, failing which it shall be assumed that the college authority has no comment/compliance to be submitted before the UGMEB and decision will be taken accordingly.

Yours faithfully,

24/5/2023

(Shambhu Sharan Kumar)
Director (UGMEB)

സെക്ഷൻ ഓഫീസർ